>> ലേഖനം

● ഷാനവാസ് കൊല്ലം

# പരാജയപ്പെടാൻ മാത്രം വിധിക്കപ്പെട്ട മിഥ്യാ ദർശനം




**ബൂർഷ്വാപാർട്ടികളെ അപേക്ഷിച്ച് ചെറുതാണെങ്കിലും അവയോട് കിടപിടിക്കുന്ന സ്വകാര്യമൂലധനവും, ബൂർഷ്വാ സംവിധാനങ്ങളും മാർക്സിസ്റ്റു പാർട്ടിക്കുണ്ട് എന്നത് സത്യമാണ്. പാർട്ടിയും നേതാക്കളും അനുയായികളിലൊരു വിഭാഗവും അനുദിനം സാമ്പത്തികമായി ശക്തിപ്പെട്ടു വരുന്നു.പാർട്ടിക്കുള്ളിൽ പോലും മാർക്സിസം വിഭാവന ചെയ്യുന്ന അർഥത്തിലുള്ള പങ്കുവക്കലിന്റെയോ, സഹകരണത്തിന്റെയോ മിന്നലാട്ടം പോലും കാണുന്നില്ല**

**മാർക്സും,** ഏംഗൽസും അംഗങ്ങളായുള്ള കമ്യൂണിസ്റ്റ് ലീഗ് എന്ന സംഘടനയുടെ ലണ്ടനിൽ ചേർന്ന ഒന്നാം കോൺഗ്രസ്സാണ് സർവ രാജ്യതൊഴിലാളികളേ സംഘടിക്കുവിൻ എന്ന മുദ്രാവാക്യം ആദ്യമായി ഉയർത്തിയത്.1847ൽ ചേർന്ന രണ്ടാം കോൺഗ്രസ്സിൽ ജർമനി, സ്വിറ്റ്സർലണ്ട്, ഫ്രാൻസ്, ബൽജിയം, ഇംഗ്ലണ്ട്, പോളണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. കോൺഗ്രസ്സ് അംഗീകരിച്ച കമ്യൂണിസ്റ്റ് ലീഗിന്റെ നിയമാവലിയിൽ അതിന്റെ ലക്ഷ്യം പ്രഖ്യാപിച്ചു: ബൂർഷാസിയെ നിഷ്കാസനം ചെയ്ത് തൊഴിലാളിവർഗ ഭരണം സ്ഥാപിക്കുക, വർഗവൈരത്തിൽ അധിഷ്ഠിതമായ ബൂർഷ്വാ സമൂഹത്തെ തകർത്ത് വർഗങ്ങളോ സ്വകാര്യ സ്വത്തുടമസ്ഥതയോ ഇല്ലാത്ത പുതിയൊരു സമൂഹം സ്ഥാപിക്കുക. കമ്യൂണിസ്റ്റുകാരുടെ പരിപാടി വ്യക്തമാക്കിക്കൊണ്ടുള്ള രേഖ ലോക സമക്ഷം മാർക്സും ഏംഗൽസും ചേർന്ന് 1848 ൽ അവതരിപ്പിച്ചു. അതാണ് മാനിഫെസ്റ്റോ ഓഫ് ദി കമ്യൂണിസ്റ്റ് പാർട്ടി.(*മാർക്സിസം ഒരു കൈപുസ്തകം* പേജ്: 65 പ്രഫ. കെ.എൻ.എം ഗംഗാധരൻ, ചിന്ത പബ്ലിഷേഴ്സ്)

1857 ൽ നിന്ന് 2008-ലെത്തുമ്പോൾ മാർക്സിസത്തിന്റെ സങ്കൽപങ്ങളെല്ലാം കീഴ്മേൽ മറിഞ്ഞതായാണ് കാണുന്നത്. മാനവികതയെ തകർക്കുന്ന മുതലാളിത്തത്തിന്റെ നിഷ്ഠുരതകൾക്കെതിരിൽ തൊഴിലാളി വർഗത്തിന്റെ മുൻകൈയിൽ നടക്കുന്ന ഒരു വിപ്ലവത്തിന്റെ ആവേശകരമായ സ്വപ്നമാണ് മാർക്സ് അവതരിപ്പിച്ചത്: 'കമ്യൂണിസ്റ്റ് വിപ്ലവത്തിൽ ചൂഷകവർഗം കിടിലം കൊള്ളട്ടെ. തൊഴിലാളി വർഗത്തിന് നഷ്ടപ്പെടാൻ കാൽച്ചങ്ങലകളല്ലാതെ മറ്റൊന്നുമില്ല. നേടാനുള്ളത് വലിയൊരു ലോകവും. സർവ്വരാജ്യ തൊഴിലാളികളേ സംഘടിക്കുവിൻ' എന്നാണ് കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ അവസാനിക്കുന്നത്.

ധാരാളം അസംഘടിതരായ തൊഴിലാളികളുള്ളതുകൊണ്ട് വിപ്ലവമുന്നേറ്റമുണ്ടാവില്ല. അതിനാൽ വിപ്ലവ പാർട്ടി പ്രധാനമാണ്.അധികാരത്തിനു വേണ്ടിയുള്ള സമരത്തിൽ തൊഴിലാളി സംഘത്തിന്റെ ആയുധമാണ് കമ്യൂണിസ്റ്റു പാർട്ടി എന്നും മാർക്സ് വിഭാവന ചെയ്തിട്ടുണ്ട്. കമ്യൂണിസ്റ്റ് പാർട്ടിയിലെ പരമോന്നത സമിതിയാണ് പോളിറ്റ് ബ്യൂറോ. കമ്യൂണിസ്റ്റ് പാർട്ടിയെ സോഷ്യലിസ്റ്റ് വിപ്ലവ പാതയിൽ നയിക്കുന്നതിനാവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള പരമാധികാരം പി.ബിക്കാണ്. ആ പോളിറ്റ് ബ്യൂറോയിലെ പ്രമുഖാംഗങ്ങൾ തന്നെ സോഷ്യലിസം അപ്രായോഗികവും, മുതലാളിത്തമാണ് യാഥാർഥ്യം എന്നും പറയുന്ന ചരിത്ര പ്രതിസന്ധിയാണ് ഇന്ത്യയിലെ മാർക്സിസ്റ്റ് പാർട്ടി നേരിടുന്നത്. കേവലം സൈദ്ധാന്തിക മണ്ഡലത്തിൽ മാത്രം വ്യാപരിക്കുന്ന ഒരു വ്യക്തിയല്ല ഇതുപറഞ്ഞത്, കാൽ നൂറ്റാണ്ടിലധികം തുടർച്ചയായി ബംഗാളിന്റെ സോഷ്യലിസ്റ്റു പരീക്ഷണങ്ങൾക്ക് ചുക്കാൻ പിടിച്ച മാന്യദേഹമാണ് എന്നു വരുമ്പോൾ അത് അനുഭവസാക്ഷ്യമാണെന്നുറപ്പ്.

ഈ പ്രസ്താവനയുടെ രാഷ്ട്രീയമായ ആഘാത പ്രത്യാഘാതങ്ങളെക്കുറിച്ച ചർച്ചയിലേക്ക് പോകുന്നില്ല. മാർക്സിസ്റ്റ്

**ലോകത്ത് പോരാട്ടം ശക്തിപ്പെടുന്നുണ്ട് എന്നതു നേരാണ്. എന്നാൽ ഈ പോരാട്ടം മാർക്സിസ്റ്റു പാർട്ടിതന്നെയും പ്രതിനിധാനം ചെയ്യുന്ന മുതലാളിത്ത സഖ്യകക്ഷി വ്യവസ്ഥക്കെതിരിലാണ് എന്നതാണ് ബംഗാൾ അനുഭവം. ലോകത്താദ്യമായി കമ്യൂണിസ്റ്റ് പാർട്ടിയെ ബാലറ്റിലൂടെ അധികാരത്തിലേറ്റിയ പ്രദേശമാണ് കേരളം. ഇവിടുത്തെ സംസ്കാരത്തിനും, സാമ്പത്തിക വ്യവസ്ഥക്കും, ഇന്ന് കേരളത്തിൽ ശക്തിപ്പെട്ടുവരുന്ന സാമ്രാജ്യത്വ വിരുദ്ധ സമരത്തിനും മാർക്സിസം നൽകുന്ന ഊർജവും സൈദ്ധാന്തിക ഭൂമികയും എന്തെന്ന് മാർക്സിസ്റ്റ് ചിന്തകർ വ്യക്തമാക്കണം**

പാർട്ടിയുടെ പാർട്ടി പരിപാടിയും ചർച്ച ചെയ്യാനുദ്ദേശ്യമില്ല. മാർക്സിസവുമായി ബന്ധപ്പെട്ട ചില മൗലിക സങ്കല്പങ്ങളെക്കുറിച്ച വിലയിരുത്തലാണ് ഉദ്ദേശിക്കുന്നത്. മാർക്സിസം എന്തുകൊണ്ട് ലക്ഷ്യത്തിലേക്ക് ഒരടി മുന്നോട്ട് രണ്ടടി പിന്നോട്ട് എന്ന പ്രതിഭാസം ആവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നും ചിന്തിക്കേണ്ടതുണ്ട്.

ഉൽപാദന ബന്ധങ്ങളെ അടിസ്ഥാനമാക്കി, ചരിത്രത്തെയും, ജീവിതത്തെയും വ്യാഖ്യാനിക്കാൻ ശ്രമിച്ച പ്രത്യയശാസ്ത്രമാണ് മാർക്സിസം. സ്വകാര്യസ്വത്താണ് എല്ലാ കുഴപ്പങ്ങൾക്കും കാരണം എന്ന് അത് വിശ്വസിക്കുന്നു. സ്വത്ത് സ്വകാര്യവൽക്കരിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി ഒരു സാമൂഹ്യ വ്യവസ്ഥ സൃഷ്ടിക്കണം എന്നാണ് മാർക്സിസത്തിന്റെ അഭിലാഷം. വർഗരഹിതമായ ഈ സാമ്പത്തിക സാമൂഹ്യ സംവിധാനത്തിനാണ് കമ്യൂണിസം എന്നു പറയുന്നത്. അഥവാ 'ഓരോരുത്തരിൽ നിന്നും അവരുടെ കഴിവനുസരിച്ച്, ഓരോരുത്തർക്കും അവരവരുടെ അധ്വാനമനുസരിച്ച്' എന്ന സോഷ്യലിസ്റ്റ് വ്യവസ്ഥയിലേക്കും 'ഓരോരുത്തരിൽ നിന്നും അവരവരുടെ കഴിവനുസരിച്ച്, ഓരോരുത്തർക്കും അവരവരുടെ ആവശ്യമനുസരിച്ച്' എന്ന ആത്യന്തിക സമത്വത്തിലേക്കുമുള്ള പുരോഗമനമാണ് മാർക്സിസത്തിന്റെ വിഭാവനം.

വ്യക്തിസ്വത്വത്തിന്റെ സമ്പൂർണ നിരാകരണമാണ് കമ്യൂണിസം. മുതലാളിത്തത്തിന്റെ ആത്യന്തിക വ്യക്തിപരതക്കെതിരെ ആത്യന്തിക സമൂഹികപരത എന്നതാണ് മാർക്സിസം ലക്ഷ്യം വെക്കുന്നത്. ആത്യന്തിക സാമൂഹികപരത യാഥാർഥ്യമാവുന്ന ഘട്ടമാണ് കമ്യൂണിസം. ഇതൊരുതരം ആത്മീയതയാണ്. ആത്മീയതയെ നിരാകരിക്കുന്ന ആത്മീയത, ആത്മീയ പ്രചോദകങ്ങളുപയോഗിക്കാതെ നടപ്പാക്കപ്പെടുമെന്ന് വിശ്വസിക്കപ്പെടുന്ന നിസ്വാർഥതയുടെ സാമൂഹിക ആവിഷ്കാരം.

മാർക്സിസ്റ്റു ചിന്താപദ്ധതി ഒരു ശാസ്ത്രമെന്ന നിലക്ക് ക്രമമറ്റതാണെന്ന് വാദിക്കപ്പെടുന്നു. വൈരുധ്യാത്മക ഭൗതികവാദത്തെ ചരിത്ര ദർശനത്തിൽ സ്വാംശീകരിച്ചാണ് ചരിത്രത്തിന്റെ ഭൗതിക വ്യാഖ്യാനം ചമയ്ക്കപ്പെട്ടിട്ടുള്ളത്. അഥവാ, അതൊരു പ്രകൃതി സത്യമാണെന്ന് അവകാശപ്പെടുന്നു.

ശാസ്ത്രം അനുഭവങ്ങളുടെ ജ്ഞാനമാണ്. ഭൗതിക പരീക്ഷണങ്ങൾ സ്ഥിരീകരിക്കുന്ന വസ്തുതകളെ മാത്രമേ അതംഗീകരിക്കൂ. ചരിത്രപരമായ ഭൗതികവാദം ഒരു സാമൂഹ്യ ശാസ്ത്ര വിശകലനരീതി ആയതിനാൽ സമൂഹ ചരിത്രമാണ് അതിനെ സാക്ഷ്യപ്പെടുത്തേണ്ടത്. സമൂഹ ചരിത്രത്തിലെ സംഭവ വികാസങ്ങളാണ് അതിന്റെ പരീക്ഷണശാല. മാർക്സിസത്തിന്റെ ആശയ സമർപ്പണത്തിനു ശേഷമുള്ള ഒന്നരപതിറ്റാണ്ടുകാലത്തെ ചരിത്രം തരുന്ന പാഠമെന്താണ്?

സോഷ്യലിസ്റ്റ് പരീക്ഷണങ്ങളൊന്നാകെ തകിടം മറിഞ്ഞു. പൂർവയൂറോപും, സോവിയറ്റ് യൂനിയനും മുതലാളിത്തത്തിലേക്ക് തിരിച്ചുപോയി. ദൈവത്തെകാണാൻ പോയവൻ വഴിയിൽവെച്ച് പിശാചിന്റെ ചങ്ങാതിയായിത്തീർന്നു എന്ന കഥപോലെ. കമ്യൂണിസ്റ്റ് പാർട്ടികൾ തന്നെ അധികാരം വാഴുന്നിടങ്ങളിൽ-ചൈനയും, വിയറ്റ്നാമും പോലെ- ഒരു കാലത്ത് സോഷ്യലിസത്തിന് വേണ്ടി പ്രവർത്തിച്ചതിന്റെ പശ്ചാത്താപമെന്നവണ്ണം അവതന്നെ അതിവേഗം മുതലാളിത്തത്തെ വാരിപ്പുണർന്ന് ബൂർഷ്വാ വ്യവസ്ഥയുടെ സുഭഗ സ്വർഗത്തിൽ അവരുടേതായ ഇടം കണ്ടെത്തി. വടക്കൻ കൊറിയയും ക്യൂബയും പോലുള്ള നാടുകളിൽ ഫ്യൂഡലിസ്റ്റ് രാജകുടുംബ വാഴ്ചയെ ഓർമിപ്പിക്കുന്ന രാഷ്ട്രീയ നേതൃത്വമാണ് നിലനിൽക്കുന്നത്. ഫിഡൽ കാസ്ട്രോക്ക് സുഖമില്ലെങ്കിൽ സഹോദരൻ റൗൾ കാസ്ട്രോ എന്നതാണ് അവസ്ഥ. ഫിഡൽ കാസ്ട്രോയുടെ വ്യക്തി പ്രഭാവവും, ലാറ്റിനമേരിക്കയിലെ ചില അനുകൂല സാഹചര്യങ്ങളും നിമിത്തം ഒരു'ക്യൂബൻ പ്രഭാവം' ഉണ്ടെന്ന് അംഗീകരിക്കുന്നു. പക്ഷേ, അതിൽ മാർക്സിസത്തിന്റെ പങ്കെത്ര എന്ന് വിലയിരുത്തപ്പെടേണ്ടതാണ്. ഫിഡൽ കാസ്ട്രോ ഇല്ലാത്ത ക്യൂബ എത്രത്തോളം ശക്തമായിരിക്കും എന്നതിന് ഭാവിയാണ് ഉത്തരം പറയേണ്ടത്. യാഥാർഥ്യങ്ങളിൽ നിന്നകന്ന് വ്യാജ വ്യാഖ്യാനങ്ങളുടെ വാൽമീകത്തിൽ ശുഭാപ്തിപൂണ്ട മാർക്സിസ്റ്റുകാർ കാസ്ട്രോ ഇഫക്ടിനെയും മാർക്സിസത്തെയും വേർതിരിച്ച് കാണേണ്ടിയിരിക്കുന്നു.

കമ്യൂണിസ്റ്റ് ആധിപത്യം ദശാബ്ദങ്ങൾ പിന്നിടുമ്പോഴും മുതലാളിത്ത രാജ്യങ്ങളുടെ കനിവില്ലെങ്കിൽ ഉത്തര കൊറിയയിൽ റേഷൻ വിതരണം മുടങ്ങും എന്നതാണ് നില. കിംഗ്ജോംഗ് ഇല്ലിന്റെ നീണ്ടകാലത്തെ സർവാധിപത്യത്തിനു ശേഷം അദ്ദേഹത്തിന്റെ മകനാണ് ഇപ്പോഴത്തെ സമ്പൂർണാധികാരി.

കേരളത്തിലും ബംഗാളിലുമൊക്കെ മാർക്സിസം ഉയർത്തിപ്പിടിക്കുന്ന പാർട്ടി പ്രവർത്തിക്കുന്നുണ്ടെന്ന് പറഞ്ഞാൽ ഇനിയാരും വിശ്വസിക്കുമെന്നും തോന്നുന്നില്ല. യൂറോപ്യൻ മാർക്സിസ്റ്റു പാർട്ടികൾ പലതും സോഷ്യലിസ്റ്റ് ലക്ഷ്യം ഒഴിവാക്കി സോഷ്യൽ ഡമോക്രാറ്റുകളായി ബൂർഷ്വാവൽക്കരിക്കപ്പെട്ടിരിക്കുന്നു.

ഫ്യൂഡലിസ്റ്റ്-മുതലാളിത്ത അധികാര-സാമ്പത്തിക ഘടനയിലേക്കാണ് സോഷ്യലിസം സ്വപ്നംകണ്ട രാജ്യങ്ങളെല്ലാം എത്തിച്ചേർന്നത് എന്നാണ് മേൽ വസ്തുതകൾ സ്ഥിരീകരിക്കുന്നത്. മാർക്സിസ്റ്റ് പാർട്ടികൾ മുതലാളിത്തത്തിന്റെ പുതിയ ഏജന്റുമാരായി. സാമൂഹിക വിശകലനത്തിലൂടെ ആർക്കും ബോധ്യമാവുന്ന ഈ യാഥാർഥ്യങ്ങളെ ഇനിയും എത്രകാലം കണ്ടില്ലെന്ന് നടിക്കാനാവും? മാർക്സിസത്തിന്റെ ചരിത്ര വ്യാഖ്യാനം അബദ്ധമാണെന്ന് സമ്മതിക്കാനുള്ള വിവേകമാണ് മാർക്സിസ്റ്റു സുഹൃത്തുകൾ പ്രകടിപ്പിക്കേണ്ടത്.

ലോകത്തെ അമ്പത് തവണയെങ്കിലും നശിപ്പിക്കാൻ പോന്ന ആണവായുധങ്ങളും അതിനൂതനായുധങ്ങളും കൈവശം വച്ചിരിക്കുന്ന ആഗോള മുതലാളിത്തത്തിനെതിരെ

ഏതർഥത്തിലും ഒരട്ടിമറി വിപ്ലവം അസാധ്യമാണ് എന്ന് അംഗീകരിക്കുന്നതായിരിക്കും ബുദ്ധി.

സംഘട്ടനം കൊണ്ട് വീർപ്പുമുട്ടുന്ന ലോകത്തിന് സമാധാനമാണാവശ്യം. അതിനാൽ വർഗസംഘട്ടനമെന്ന അത്യന്തം വിനാശകരമായ ഉന്മൂലന സിദ്ധാന്തവും തള്ളിക്കളയേണ്ടതാണ്. മുതലാളിത്തത്തിന്റെ തത്തുല്യമായ ഉന്മൂലന സിദ്ധാന്തമാണ് ഇന്നത്തെ ലോകത്തെ കലാപക്കളരിയാക്കിത്തീർക്കുന്നതെന്നും ഓർക്കണം.

മുതലാളിത്തത്തിന്റെ ആത്യന്തിക വ്യക്തിപരതക്കെതിരെ അത്യന്തിക സാമൂഹികപരത എന്നത് അസാധ്യമാണ് എന്ന വസ്തുതയാണ് കമ്യൂണിസ്റ്റു പാർട്ടികൾ തന്നെ സാക്ഷ്യപ്പെടുത്തുന്നത്. ഇന്ത്യയിൽ, ചില ബൂർഷ്വാപാർട്ടികളെ അപേക്ഷിച്ച് ചെറുതാണെങ്കിലും അവയോട് കിടപിടിക്കുന്ന സ്വകാര്യമൂലധനവും, ബൂർഷ്വാ സംവിധാനങ്ങളും മാർക്സിസ്റ്റു പാർട്ടിക്കുണ്ട് എന്നത് സത്യമാണ്. പാർട്ടിയും നേതാക്കളും അനുയായികളിലൊരു വിഭാഗവും അനുദിനം സാമ്പത്തികമായി ശക്തിപ്പെട്ടു വരുന്നു.പാർട്ടിക്കുള്ളിൽ പോലും മാർക്സിസം വിഭാവന ചെയ്യുന്ന അർഥത്തിലുള്ള പങ്കുവക്കലിന്റെയോ, സഹകരണത്തിന്റെയോ മിന്നലാട്ടം പോലും കാണുന്നില്ല. പണമുള്ള പാർട്ടിക്കാരനും മക്കൾക്കും ബന്ധുക്കൾക്കും അതിന്റെ പ്രയോജനം കിട്ടും. പാവപ്പെട്ട പാർട്ടി പ്രവർത്തകൻ അങ്ങനെത്തന്നെ തുടരും. ഉൽപാദനോപകരണങ്ങൾ ഉടമപ്പെടുത്തിയിട്ടുള്ള വ്യവസായികളും (വർഗശത്രു എന്ന് മാർക്സിസ്റ്റ് ഭാഷ്യം) അവർക്കെതിരെ വിപ്ലവം നയിക്കേണ്ട തൊഴിലാളികളും എല്ലാം ചേർന്ന അവിയൽ ഘടനയാണ് വർഗരഹിത സമൂഹത്തിന്റെ സൃഷ്ടിപ്പിന് അക്ഷീണം യത്നിക്കേണ്ട അഭിനവ മാർക്സിസ്റ്റ് പ്രസ്ഥാനത്തിന്റേത്!

'ഭരണകൂടം ജനങ്ങൾക്കെതിരായ ബലപ്രയോഗത്തിന്റെ ഉപകരണമാണ്' എന്ന് മാർക്സിയൻ സങ്കൽപം. ഇത് ബൂർഷ്വാസിക്കെതിരിലുള്ള വിമർശനമാണ്. തൊഴിലാളിവർഗ സർവാധിപത്യ ഗവൺമെന്റ് അങ്ങനെയല്ല. മുതലാളിത്തത്തിൽ നിന്നും, സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം ശക്തിപ്പെടുത്തുകയാണ് അതിന്റെ ലക്ഷ്യം. സിംഗൂരും, നന്ദിഗ്രാമുമൊന്നും ബംഗാളിലല്ലെന്നും അമേരിക്കയിലോ ബ്രിട്ടനിലോ ആണെന്നും കരുതി സമാധാനമടയുകയേ ഇനി നിവൃത്തിയുള്ളൂ.

ഇതുകൂടി ശ്രദ്ധിക്കുക: 'ഇക്കഴിഞ്ഞ ഏതാനും വർഷങ്ങളായി ആഗോളവൽക്കരണത്തിനും, സ്വകാര്യവൽക്കരണത്തിനും ഇറാഖിനെതിരെ ആംഗ്ലോ-അമേരിക്കൻ ശക്തികൾ നടത്തിയ കടന്നാക്രമണത്തിനും എതിരേ ലോകമെങ്ങും നടന്നതും ഇപ്പോഴും തുടർന്നുവരുന്നതുമായ ആയ പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുക്കുന്നവരിൽ ഭൂരിപക്ഷവും മാർക്സിസ്റ്റുകാരല്ല. പക്ഷേ, ഈ ലോകവ്യാപകമായ ജനകീയ പ്രകടനങ്ങളുടെ പുറകിൽ നിൽക്കുന്ന വ്യവസ്ഥയോടും, അതിന്റെ അടിത്തറയായ മുതലാളിത്തത്തോടും ഉള്ള വർധിച്ചുവരുന്ന അസംതൃപ്തിയും എതിർപ്പും ആണ് പ്രകടമാവുന്നത്. സ്വാഭാവികമായും ഈ അസംതൃപ്തിക്കും എതിർപ്പിനും സൈദ്ധാന്തികമായ ന്യായീകരണങ്ങൾ കണ്ടെത്താനുള്ള പലരുടെയും ശ്രമം അവരെ മാർക്സിസത്തിലേക്കാണ് നയിക്കുന്നത്. അങ്ങനെ മാർക്സിസം എന്തെന്നറിയാനും ആധുനികകാല ദുരവസ്ഥക്ക് പരിഹാരം കണ്ടെത്താനുമുള്ള വ്യാപകമായ ശ്രമം സാധാരണക്കാരിലും ധിഷണാശാലികളിലും വളർന്നു വരുന്നു എന്ന വസ്തുത ഗ്രഹിച്ചിട്ടാകാം ലാഭമാത്ര പ്രാണരായ ബൂർഷ്വാ പ്രസാധകർ പോലും മാർക്സിസ്റ്റു കൃതികൾ പ്രസിദ്ധീകരിക്കുന്നതിൽ പരസ്പരം മത്സരിക്കുന്നത്'(പി. ഗോവിന്ദപ്പിള്ള, *മാർക്സിസം ഒരു കൈപുസ്തകം*-അവതാരിക).

നാം ചർച്ചചെയ്തുവന്ന വസ്തുതകൾതന്നെ ഇത്തരം അവകാശവാദങ്ങളെ ഖണ്ഡിക്കാൻ പോന്നതാണ്. ലോകത്ത് പോരാട്ടം ശക്തിപ്പെടുന്നുണ്ട് എന്നതു നേരാണ്. എന്നാൽ ഈ പോരാട്ടം മാർക്സിസ്റ്റു പാർട്ടിതന്നെയും പ്രതിനിധാനം ചെയ്യുന്ന മുതലാളിത്ത സഖ്യകക്ഷി വ്യവസ്ഥക്കെതിരിലാണ് എന്നതാണ് ബംഗാൾ അനുഭവം. ലോകത്താദ്യമായി കമ്യൂണിസ്റ്റ് പാർട്ടിയെ ബാലറ്റിലൂടെ അധികാരത്തിലേറ്റിയ പ്രദേശമാണ് കേരളം. ഇവിടുത്തെ സംസ്കാരത്തിനും, സാമ്പത്തിക വ്യവസ്ഥക്കും, ഇന്ന് കേരളത്തിൽ ശക്തിപ്പെട്ടുവരുന്ന സാമ്രാജ്യത്വ വിരുദ്ധ സമരത്തിനും മാർക്സിസം നൽകുന്ന ഊർജവും സൈദ്ധാന്തിക ഭൂമികയും എന്തെന്ന് മാർക്സിസ്റ്റ് ചിന്തകർ വ്യക്തമാക്കണം. ■